നം. സി1/14058/റ്റിസി/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 14.06.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - കാലാവധി തീർന്ന ബാഡ്ജ് പുതുക്കുന്നത് - സംബന്ധിച്ച്.

സൂചന:-

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 പ്രകാരം ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിന് വേണ്ട ഏറ്റവും കുറഞ്ഞ യോഗ്യത 8-)0 ക്ലാസ്സ് പാസ്സായിരിക്കണം എന്നുള്ളതാണ്. മേൽ പ്രസ്താവിച്ച ചട്ടം 10.04.2007 മുതലാണ് നിലവിൽ വന്നത്. ഈ ചട്ടം നിലവിൽ വരുന്നതിന് മുമ്പ് (10.04.2007 മുമ്പ്) ലൈസൻസും ബാഡ്ജും കരസ്ഥമാക്കിയവർക്ക് ലൈസൻസ് പുതുക്കുന്ന സമയത്ത് മേൽ നിയമം ബാധകമല്ല എന്ന കാര്യം മേൽ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ലൈസൻസിന്റെ കാലാവധി തീർന്ന് 5 വർഷം കഴിഞ്ഞ ലൈസൻസുകൾ പുതുക്കുവാൻ വേണ്ടി അപേക്ഷ കിട്ടുന്ന അവസരത്തിൽ ബാഡ്ജോട് കൂടിയ ലൈസൻസ് ആണെങ്കിൽ അത് പുതുക്കി നൽകുന്നതിന് ചില ലൈസൻസിംഗ് അതോറിറ്റികൾ ബാഡ്ജിന്റെ മിനിമം യോഗ്യത നിഷ്കർഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ലൈസൻസുകൾ പുതുക്കി നൽകാൻ വേണ്ടി നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റിന് ബാഡ്ജിന്റെ മിനിമം യോഗ്യത നിഷ്കർഷിക്കുന്നത് നിയമവിരുദ്ധമാണെന്ന് അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

സീനിയർ ഡി റ്റി സി (ട്രാക്ക്ലേഷൻ),
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.